"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - ഹോംസ്റ്റേ ക്ലാസ്സിഫിക്കേഷൻ സ്കീം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(കൈ) നം.1/2026/TSM  തീയതി,തിരുവനന്തപുരം, 24-01-2026

---

പരാമർശം:-

1. സ.ഉ(കൈ) നം.3/20/ടി.എസ്.എം തീയതി 16.01.2020.
2. കേരള ഹോംസ്റ്റേ ആന്റ് ടൂറിസം സൊസൈറ്റി ഡയറക്ടറുടെ 1.8.25-ലെ കത്ത്.
3. 20.8.25-ന് വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനം.
4. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 1.12.2025-ലെ ഡി.ഒ.റ്റി/2316/2024-ATIO 1 (M) നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്ത് ടൂറിസം വകുപ്പിൽ നിലവിൽ ഹൗസ് ഓണർക്ക് മാത്രമേ ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷിക്കാൻ അർഹതയുള്ളൂ. ഭർത്താവ്/ഭാര്യ സ്ഥലത്തില്ലാത്ത പക്ഷം പങ്കാളിയുടെ പവർ ഓഫ് അറ്റോർണിയുടെ അടിസ്ഥാനത്തിൽ സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി ഭാര്യ/ഭർത്താവിന് ഹോംസ്റ്റേക്ക് അപേക്ഷിക്കാനുള്ള അർഹതയുണ്ടാകും എന്ന വ്യവസ്ഥ കൂട്ടിച്ചേർത്ത് ഹോംസ്റ്റേ ക്ലാസ്സിഫിക്കേഷൻ മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്ക്കരിക്കണമെന്ന് കേരള ഹോംസ്റ്റേ ആന്റ് ടൂറിസം സൊസൈറ്റി ഡയറക്ടർ പരാമർശം **(2)** പ്രകാരം അഭ്യർത്ഥിച്ചിരുന്നു. **20.8.25**-ന് വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രസ്തുത നിർദ്ദേശം ചർച്ച ചെയ്യുകയും അപ്രകാരം വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം **(4)** പ്രകാരം സർക്കാരിൽ ശുപാർശ സമർപ്പിക്കുകയും ചെയ്തു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭർത്താവ്/ഭാര്യ സ്ഥലത്തില്ലാത്ത

പക്ഷം പങ്കാളിയുടെ പവർ ഓഫ് അറ്റോർണിയുടെ അടിസ്ഥാനത്തിൽ സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി ഭർത്താവ്/ഭാര്യയ്ക്ക് ഹോംസ്റ്റേക്ക് അപേക്ഷിക്കാനുള്ള അനുവാദം നൽകാവുന്നതാണ് എന്ന വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ട് പരാമർശം (1) ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

3. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി.ജഗദീഷ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.

ഡയറക്ടർ , കേരള ഹോംസ്റ്റേ ആന്റ് ടൂറിസം സൊസൈറ്റി, വാർഡ് 1, കുമ്പളങ്ങി നോർത്ത്.പി.ഒ, കൊച്ചി - 682 007.

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Ponnamma N K**
**Date: 28-01-2026 12:46:57**
സെക്ഷൻ ഓഫീസർ

പകർപ്പ് :

ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.

വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.